6. തൃശ്ശൂർ 23228 രൂപ
7. പാലക്കാട് 11614 രൂപ
8. കോഴിക്കോട് 34842 രൂപ
9. കണ്ണൂർ പ്രോജക്റ്റ് ഇല്ല:

(ഡി) സോഷ്യൽ വെൽഫെയർ ബോർഡിന്റെ പ്രവർത്തനങ്ങൾ എല്ലാ വിഭാഗത്തിലുമുള്ള ആളുകൾക്കും വേണ്ടിയുള്ളതാണ്. പട്ടികജാതി കാരുടെ ഇടയിൽ പരിവർത്തനം വരുത്തുന്നതിനു പ്രത്യേക പരിപാടികൾ ഒന്നും തന്നെ ഇല്ല.

ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

185. [14] ശ്രീ. പി.സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ഡിസ്ട്രിക്റ്റിൽ എത്ര റവന്യൂ ഡിവിഷനുകൾ ഉണ്ട്; ഏതെല്ലാം ;

(ബി) കൊല്ലം ഡിസ്ട്രിക്റ്റിൽ ആദ്യമായി അനുവദിച്ച ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഏതു റവന്യൂ ഡിവിഷനിലാണ് സ്ഥാപിച്ചത് ;

(സി) രണ്ടാമത്തെ ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കൂടി കൊല്ലം ഡിസ്ട്രിക്റ്റിൽ അനുവദിച്ചിട്ടുണ്ടോ ;

(ഡി) രണ്ടാമത്തെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് അടൂർ റവന്യൂഡിവിഷനിലെ ശാസ്താംകോട്ട സ്ഥാപിക്കുന്നതു നല്ലതാണോ എന്നു പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) രണ്ട് ; കൊല്ലം, അടൂർ.

(ബി) കൊല്ലം റവന്യൂ ഡിവിഷനിൽ.

(സി) ഉണ്ട്.

(ഡി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനു സ്ഥലനിർണ്ണയം ചെയ്യുന്നതു കളക്ടർ ചെയർമാനായും Regional Joint Director of Industries and Commerce, Superintending Engineer's of (B&R) and Electricity of the Concerned region ഇവർ അംഗങ്ങളായും ഉള്ള ഒരു കമ്മിറ്റിയാണ്. കമ്മിറ്റി ജില്ലയുടെ വിവിധ ഭാഗങ്ങളിലെ സൗകര്യപ്രദമായ സ്ഥലങ്ങൾ പരിശോധിച്ചതിനുശേഷമേ തീരുമാനമെടുക്കാറുള്ളൂ. ഡിസ്ട്രിക്റ്റ് ഡവലപ്പ്മെന്റ് കൗൺസിലിന്റെ അഭിപ്രായവും പരിഗണിക്കും. രണ്ടാമത്തെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ സ്ഥലനിർണ്ണയം ആയിട്ടില്ല.

വിൽപ്പന നികുതി

186. [15] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ശരാശരി ഒരു കുടുംബം വിൽപ്പനനികുതിയിനത്തിൽ എത്ര രൂപ കൊടുക്കുന്നു;

(ബി) വിൽപ്പന നികുതിയിനത്തിൽ ഗവണ്മെന്റിലേക്ക് ഉദ്ദേശം എത്ര് യുക ഇപ്പോഴും ഈടാകാനുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) ഈ വിവരം ഒരു സാമ്പത്തിക സർവ്വേനടത്തി ശേഖരിക്കേണ്ട താണു്. അങ്ങനെ ഒരു സർവ്വേ നടത്തിയിട്ടില്ലാത്തതിനാൽ വിവരം നൽകാൻ നിവൃത്തിയില്ല.

(ബി) വിൽപ്പന നികുതിയിനത്തിൽ ഗവണ്മെൻറിലേക്കു്, 1963 ഡിസംബർ അവസാനംവരെ കിട്ടേണ്ട കുടിശ്ശിക ആകെ 3,35,79,190 രൂപ 3 ന.പൈ.യാണു്. ഇതിൽ പഴയകുടിശ്ശിക 2,43,55,487 രൂപ 46 ന:പൈ.യും തന്നാണ്ടത്തെ കുടിശ്ശിക 92,23,702 രൂപ.57ന.പൈ.യും ആണു്.

പിരിച്ചുവിടപ്പെട്ട അദ്ധ്യാപകർ.

187 [16] ശ്രീ. പി. നാരയണൻ തമ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരു:വിദ്യാഭ്യാസ ജില്ലയിലുള്ള നേരം വിക്ടറി ബോയിസ് ഹൈസ്കൂളിൽനിന്നും ഗേൾസ്ഹൈസ്കൂളിൽനിന്നും മുൻകൊല്ലത്തിൽ അദ്ധ്യാപകരായി നിയമിച്ചിട്ടുള്ളവരിൽ ആരെയെല്ലാം ഈ വിദ്യാലയവർഷത്തിൽ പിരിച്ചു വിടുകയുണ്ടായി ;

(ബി) ഇവരുടെ പേരും വയസ്സും സർവ്വീസു ദൈർഘ്യവും എത്ര ;

(സി) ഇവരെ പരിച്ചുവിടുവാനുള്ള കാരണമെന്താണു് :

(ഡി) ഇവർക്കു് ഇനി തൊഴിൽകിട്ടാൻ എന്തെങ്കിലും പ്രത്യേക നിർദ്ദേശം ഗവണ്മെൻറു ഡിപ്പാർട്ടുമെൻറിനു കൊടുത്തിട്ടുണ്ടോ ?

ഉത്തരം.

(എ,ബി) സ്റ്റേറ്റുമെൻറു മേശപ്പുറത്തു് വച്ചിരിക്കുന്നു.†

(സി) ക്ലാസ്സു ഡിവിഷനുകളും കുറഞ്ഞതനുസരിച്ചു് അദ്ധ്യാപക തസ്തികകളും കുറയേണ്ടിവന്നതിനാലാണു് ഇവരെ പരിച്ചുവിടേണ്ടിവന്നതു്.

(ഡി) ഇല്ല.

കണ്ണുരോഗികൾക്കു് ആനുകൂല്യം

188. [17] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രിസദയം മറുപടി നൽകുമോ :

(എ) പദ്മശ്രീ ഡോക്ടർ മോഡിയുടെ കണ്ണുചികിത്സാകേന്ദ്രത്തിലേക്കു് ദൂരദിക്കുകളിൽ നിന്നു് വരുന്ന കണ്ണുരോഗികളായ ഹരിജനങ്ങൾക്കു് യാത്രക്കൂലി ഇല്ലാത്തകാരണം വിഷമിക്കുന്നതു് പരിഹരിക്കുവാൻ വല്ലനടപടിയും എടുക്കുമോ ;

(ബി) അത്തരം രോഗികൾക്കു് പോക്കുവരവിനു് ബസ്സിനു് ഫ്രീപാസു് ഏർപ്പെടുത്താനുള്ള ഒരു പരിപാടി ആലോചിക്കാമോ ?

ഉത്തരം

(എ) അപ്രകാരം ഹരിജനങ്ങളായ കണ്ണുരോഗികളും വിഷമിക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

† Appendix XIV

LIBRARY ARCHIVES Kerala Legislative Assembly